(ബി) കാലവർഷക്കെടുതിമൂലം മാനന്തവാടി താലൂക്കിൽ 194 വീടുകൾക്ക് നാശം സംഭവിച്ചു. ഇതിന്റെ നഷ്ടം 4.584 ലക്ഷം രൂപയുടെതാണ്. പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരം കാർഷിക വിളകൾക്ക് 121.05445 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചു.

(സി) വീടുകൾക്ക് സംഭവിച്ച നാശത്തിന് ധനസഹായമായി 1.4205 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൃഷിനാശത്തിന് വിശദമായ റിപ്പോർട്ട്ലഭിച്ചശേഷം ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി

74 (2099) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെടുത്തി സംസ്ഥാനത്ത് പുതിയ എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തീരദേശ പഞ്ചായത്തുകൾ വഴി മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഈ യൂണിറ്റുകളിലൂടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുമുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) മേൽപ്പറഞ്ഞ പദ്ധതി പ്രകാരം ഏതൊക്കെ പഞ്ചായത്തുകളിൽ പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) അപ്രകാരമുള്ള പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തീരദേശ പഞ്ചായത്തുകളിൽ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സ്വയം സഹായസംഘങ്ങൾ രൂപീകരിച്ച് ലഘു നിക്ഷേപവായ്പ പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുമുള്ള നടപടികൾക്ക് ഫിഷറീസ് വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ 160 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) വനിതാ വികസന കോർപ്പറേഷന്റെ സഹായത്തോടെ കൊല്ലത്തും ആലപ്പുഴയിലും 22 ഗ്രാമപഞ്ചായത്തുകളിൽ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് തുടക്കമിട്ടുകഴിഞ്ഞു. മത്സ്യ അച്ചാർ, ഉണക്കമീൻ പാക്കറ്റ് തുടങ്ങിയ ഉല്പന്നങ്ങൾ ഈ യൂണിറ്റുകൾ ഉല്പാദിപ്പിച്ചു തുടങ്ങി. 60 ലക്ഷം രൂപ ഈ സംരംഭങ്ങൾക്കുവേണ്ടി ചെലവഴിച്ചു. മത്സ്യഫെഡിന്റെ നേതൃത്വത്തിൽ 10 മത്സ്യത്തൊഴിലാളി സ്ത്രീകൾ വീതമുള്ള അഞ്ച് യൂണിറ്റുകൾ വീതം വിഴിഞ്ഞം,

LIBRARY ARCHIVES Kerala Legislative Assembly

നീണ്ടകര, പുറക്കാട്, മാരാരിക്കുളം, മുനമ്പം, ചാവക്കാട്, പൊന്നാനി, കൊയിലാണ്ടി, മാപ്പിളബേ, കസബ എന്നിവിടങ്ങളിൽ ആരംഭിക്കാനും നടപടിയെടുത്തുകഴിഞ്ഞു.

(ഡി&ഇ) തിരുവനന്തപുരം ജില്ല

കുളത്തൂർ, കരുംകുളം, വിഴിഞ്ഞം, കഠിനംകുളം, ചിറയിൻകീഴ്, അഞ്ചുതെങ്ങ്.

കൊല്ലം ജില്ല

ചവറ, നീണ്ടകര, തൃക്കടവൂർ, പെരിനാട്, കിഴക്കെകല്ലട, ആലപ്പാട്.

ആലപ്പുഴ ജില്ല

ആറാട്ടുപ്പുഴ, തൃക്കുന്നുപ്പുഴ, പുറക്കാട്, അമ്പലപ്പുഴ, പുന്നപ്ര, ആര്യനാട്, മാരാരിക്കുളം തെക്ക്, ചേർത്തല തെക്ക്, കടക്കരപ്പള്ളി, ആലപ്പുഴ മുനിസിപ്പാലിറ്റി പട്ടണക്കാട്, തുറയൂർ, അരൂക്കുറ്റി.

തൃശ്ശൂർ ജില്ല

പെരിഞ്ഞനം, മതിലകം, നാട്ടിക, എസ്.എൽ. പുരം.

കോട്ടയം

ചെമ്പ്, റ്റി.വി. പുരം

കോഴിക്കോട്

ഇലത്തൂർ, ഓഞ്ചിയം

മലപ്പുറം

പെരുംപടപ്പ്, വെളിയംകോട്, പുറത്തൂർ, വള്ളിക്കുന്ന്, താനാളൂർ, താനൂർ, പരപ്പനങ്ങാടി.

കണ്ണൂർ

ന്യൂമാഹി, മുഴുപ്പിലങ്ങാട്, അഴിക്കോട്, ചിറയ്ക്കൽ, മാടായി

കാസർഗോഡ്

വലിയപറമ്പ്, പടന്ന, വള്ളിക്കര, ഉദുമ, ചെമ്മനാട്

മത്സ്യബൂത്ത് നടത്താൻ അനുവദിച്ച തുക ക്രമക്കേട് നടത്തി അപഹരിച്ചതായ പരാതി

75 (2100) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല, വെട്ടൂർ, ഇടവ പ്രദേശങ്ങളിൽ മത്സ്യബൂത്ത് നടത്തുന്നതിന് അനുവദിച്ച അൻപതിനായിരം രൂപ ആൾമാറാട്ടം നടത്തി അപഹരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly